LIBRARY ARCHIVES Kerala Legislative Assembly

സെക്രട്ടേറിയറ്റിലെ സെക്യൂരിറ്റി ജീവനക്കാരുടെ സീനിയോറിറ്റി

35 (5709) ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ സെക്യൂരിറ്റി ജീവനക്കാരായി സ്ഥിരപ്പെടുത്തിയ എക്സ്-സർവ്വീസുകാരുടെ സീനിയോറിറ്റി മറികടന്ന് പി.എസ്.സി. വഴി നിയമനം നൽകിയ സെക്യൂരിറ്റി ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് സുപ്രീം കോടതി സ്റ്റാറ്റസ്കോ നിലനിറുത്തണമെന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(സി) ഈ ഇടക്കാല ഉത്തരവിന് വിരുദ്ധമായി ഇത്തരത്തിൽ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കാനുണ്ടായ സാഹചര്യം എന്തെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇക്കാര്യത്തിൽ സുപ്രീം കോടതി നിർദ്ദേശം നടപ്പിലാക്കാനും ഇതിന് വിരുദ്ധമായി ഇപ്പോൾ തയ്യാറാക്കുന്ന സീനിയോറിറ്റി ലിസ്റ്റ് റദ്ദ് ചെയ്യുവാനും നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) ഉണ്ട്

(ബി) ഉണ്ട്.

(സി & ഡി) സുപ്രീംകോടതിയുടെ സ്റ്റാറ്റസ്കോ ഉത്തരവ്, SLP-യുടെ അന്തിമ വിധിക്ക് വിധേയമായി പ്രൊമോഷൻ നൽകാവുന്നതാണെന്ന് 15-3-2010-ലെ സുപ്രീംകോടതി ഉത്തരവ് പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അഡ്വക്കേറ്റ് ജനറലിന്റെ ലീഗൽ ഒപ്പീനിയൻ പ്രകാരമാണ് നടപടി സ്വീകരിച്ചിട്ടുള്ളത്.

ആശ്രിത നിയമന പദ്ധതി

36 (5711) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുഭരണ വകുപ്പുവഴി ആശ്രിതനിയമനപദ്ധതി പ്രകാരം എത്ര പേർക്ക് നിയമനം നൽകി എന്നറിയിക്കുമോ ;

(ബി) ആശ്രിത നിയമന പദ്ധതി പ്രകാരം പൊതുഭരണ വകുപ്പിൽ ജോലിക്കപേക്ഷിച്ചിട്ടുള്ള എത്ര അപേക്ഷകർക്ക് ഇനിയും നിയമനം നൽകാൻ ബാക്കിയുണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) വനിതാ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിലേക്ക് എത്ര പേർ അപേക്ഷിച്ചിട്ടുണ്ട് എന്നറിയിക്കുമോ ; എങ്കിൽ ഈ അപേക്ഷകരുടെ പേരും മേൽവിലാസവും നൽകുമോ ;